**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **11-02-2025 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (ബി) | ഉത്തരം (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഉത്തരം (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (ഡി) | പ്രസ്തുത പദ്ധതികൾക്കായി നിർവഹണ ഏജൻസിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വിശദമാക്കാമോ? | (ഡി) | ഉത്തരം (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ</u>**

| ക്രമ നം. | വർഷം | ഗ്രാമത്തിന്റെ പേര് | പ്രവർത്തന പുരോഗതി | അനുവദിച്ച തുക |
|---|---|---|---|---|
| 1 | 2019-20 | മരുതംപാറ എസ്.സി നഗർ (താഴേക്കോട് ഗ്രാമപഞ്ചായത്ത്) | കമ്മ്യൂണിറ്റി ഹാളിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട് | ഭരണാനുമതി തുകയായ 50 ലക്ഷം രൂപയിൽ, 1 0 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| 2 | 2020-21 | ഒറവിങ്ങൽ എസ്.സി നഗർ (വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്) | സംരക്ഷണ ഭിത്തി നിർമ്മാണം, ഉൾറോഡ് നടപ്പാത നിർമ്മാണം എന്നീ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഭവന പുനരുദ്ധാരണം 3 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ടോയ്ലറ്റ് മെയിൻറനൻസ് പ്രവൃത്തി 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കിണർ നവീകരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല. 4 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. | 4 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. നാളിതുവരെ 950595/- രൂപ അനുവദിച്ചിട്ടുണ്ട്. 1164961/- രൂപയുടെ രണ്ടാം പാർട്ട് ബില്ല് സമർപ്പിച്ചിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 3 | 2020-21 | മാട്ടറ അമ്പലക്കുന്ന് എസ്.സി നഗർ (താഴേക്കോട് ഗ്രാമപഞ്ചായത്ത്) | ഭവന പുനരുദ്ധാരണം 19 എണ്ണത്തിൽ 7 വീടുകളുടെ പ്ലാസ്റ്ററിംഗ്, 5 വീടുകളുടെ ഫ്ലോറിംഗ്, ഒരു വീടിൻറെ റൂഫ് വർക്ക് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 9 വീടുകളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. സംരക്ഷണ ഭിത്തി നിർമ്മാണം, നടപ്പാത നിർമ്മാണം എന്നിവ | നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 57 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. | |
| 4 | 2021-22 | കുന്നക്കാട്ടുകുഴി എസ്.സി നഗർ (ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്) | ഭവന പുനരുദ്ധാരണം 11 എണ്ണത്തിൽ 3 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കിണർ നിർമ്മാണം, നടപ്പാത നിർമ്മാണം എന്നിവ ആരംഭിച്ചിട്ടില്ല. ആകെ 30 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. | നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. |